മീറ്ററിംഗ് ബാധകമാക്കിയിട്ടുള്ള ഉപഭോക്താക്കൾക്ക് അതാത് ബില്ലിംഗ് സൈക്കിളിൽത്തന്നെ അധികം ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി പീക്ക് പിരീഡിലും വീണ്ടും ബാക്കിയുണ്ടെങ്കിൽ ഓഫ്-പീക്ക് പിരീഡിലും ഗ്രിഡിൽനിന്ന് ഉപയോഗിച്ച വൈദ്യുതിയിൽനിന്ന് കുറവ് ചെയ്യാനും സാധിക്കും.

(ഡി) ബാറ്ററിയില്ലാത്ത സൗരവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാമെന്നതിനാൽ സൗരവൈദ്യുതപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഗണ്യമായി കുറയും. കാലാകാലങ്ങളിൽ ബാറ്ററി മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ഒഴിവാകും. പകൽസമയത്ത് ഉപഭോക്താക്കളുടെ വൈദ്യുതി ആവശ്യത്തിന്റെ ഒരു പങ്ക് സൗരവൈദ്യുതിയിൽനിന്ന് ലഭ്യമാകും. അല്ലെങ്കിൽ പകൽ അധികമായി സൗരവൈദ്യുതി ഉൽപ്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകി മറ്റ് സമയങ്ങളിൽ ഗ്രിഡിൽ ഉണ്ടാവുന്ന വൈദ്യുതി ഉപയോഗത്തിൽനിന്നും കുറവ് ചെയ്യുകയും ചെയ്യാം. ഇതിലൂടെ അവരുടെ ആകെ വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ കുറവുണ്ടാക്കാനാവും.

സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ

59 (6510) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുതപദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ തയ്യാറാക്കി സൗരോർജ്ജ നിലയങ്ങൾ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചുവരുന്നു. 13 സ്ഥാപനങ്ങളിൽ 123 കിലോവാട്ട് ശേഷിയുള്ള റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. (ആകെ ലഭ്യമായ കേന്ദ്ര സബ്സിഡി 68,64,416 രൂപ.)

കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് താഴെപ്പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ 174 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

1. കളക്ടറേറ്റ് ബിൽഡിംഗ്, എറണാകുളം – 100 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

2. ചേർത്തല താലൂക്ക് ഹോസ്പിറ്റൽ - 45 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതി.

3. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി - 25 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതി.

4. സെന്റർ ഫോർ പിഗ് പ്രൊഡക്ഷൻ ആന്റ് റിസർച്ച്, മണ്ണുത്തി - 4 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതി.

സംസ്ഥാന സർക്കാരിന്റെ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് താഴെ ചേർത്തിട്ടുള്ള സർക്കാർ സ്ഥാപനങ്ങളിൽ 115 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ പ്രവർത്തനം നടപ്പിലാക്കിവരുന്നു :

1. Women's and Children's Hospital, Thycaud.
2. Planning Board, Pattom.
3. Medical College Hospital, Trivandrum.
4. Manmohan Bunglow, Trivandrum.
5. Thycaud House, Trivandrum.
6. AG's Office, Trivandrum.
7. ANERT Headquarters, Trivandrum.
8. Cliff House, Trivandrum.

(ബി) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിവിധ പദ്ധതികളിലൂടെ പ്രസ്തുത സ്ഥാപനങ്ങളിലെ കെ.എസ്.ഇ.ബി. വൈദ്യുതി ഉപഭോഗം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. വൈദ്യുതി ഗ്രിഡുമായി കണക്ട് ചെയ്യാത്ത പദ്ധതികളാണെങ്കിൽ പീക്ക് ലോഡ് റീപ്ലേസ്മെന്റിനും ഗ്രിഡുമായി ബന്ധിപ്പിച്ച പദ്ധതികളിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഗ്രിഡിലേക്ക് കടത്തിവിടാനും കഴിയും.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസി അനെർട്ടാണ്.

(ഡി) സൗരോർജ്ജ സ്ഥാപനങ്ങളിലെ സൗരോർജ്ജ പദ്ധതികൾ നടപ്പിവാക്കാനായി ടെണ്ടർ നടപടികളിലൂടെയാണ് കമ്പനികളെ തെരഞ്ഞെടുക്കുന്നത്. ഓരോ പദ്ധതിക്കും പ്രത്യേകം ടെണ്ടർ ചെയ്യുകയാണ് ചെയ്യുന്നത്.

ടെണ്ടർ ലഭിച്ച കമ്പനികളുടെ പേരുവിവരങ്ങൾ

1. Women's and Children's Hospital, Thycaud –40 KW-Aditi Solar Pvt. Ltd.
2. Planning Board, Pattom- 20 KW-AGNI POWER & ELECTRONICS Pvt. Ltd.

LIBRARY ARCHIVES Kerala Legislative Assembly

3. Medical College Hospital, Trivandrum-20 KW-AGNI POWER & ELECTRONICS Pvt. Ltd.

4. Manmohan Bunglow, Trivandrum- 3 KW-SHOBITHA ELECTRONICS (Manufacturers) Pvt. Ltd.

5. Thycaud House, Trivandrum-2 KW-SHOBITHA ELECTRONICS (Manufacturers) Pvt. Ltd.

6. AG's Office, Trivandrum- 10 KW-Cyber Motion Technology Pvt. Ltd. Hydrabad.

7. ANERT Headquarters, Trivandrum-15 KW Radiant Solar Pvt. Ltd.

8. Cliff House, Trivandrum- 5 KW-SHOBITHA ELECTRONICS (Manufacturers) Pvt. Ltd., Thycaud House, Trivandrum.

ഓൺഗ്രിഡ് സോളാർ റെഗുലേഷനുകൾ

60 (6511) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും റെഗുലേഷനുകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇത്തരം നിലയങ്ങളിൽനിന്ന് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങുകയെന്ന് അറിയിക്കുമോ ;

(സി) സോളാർ വൈദ്യുതി ബാങ്കുചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ടോ ; ഇതിന് എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) 2014-15 സാമ്പത്തികവർഷത്തിൽ എത്ര മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപാദനമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത് ; ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിനുള്ള ചട്ടങ്ങൾ, കേന്ദ്രവൈദ്യുത അതോറിറ്റി 30-9-2013-ൽ CEA (Technical Standards for Connectivity of the Distribution Generation Resources) Regulation 2013 എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

കൂടാതെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy Systems" എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly